## നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള
## നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ
## ദൂതുകളുടെ രൂപരേഖ
## പൊതു വിഷയം:
## ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു

ദൂത് ആറ്

### ദിവ്യസ്വഭാവത്തിന്റെ പങ്കാളികളും നിത്യരാജ്യത്തിലേക്കുള്ള സമ്പന്ന പ്രവേശനത്തിനായി ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വികാസവും

RK *Hymns*: ML93

തിരുവെഴുത്ത് വായന: 2 പത്രൊ. 1:1, 3-11; 3:18

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ

കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

**I. തുല്യമായ വിലയേറിയ വിശ്വാസം ലഭിച്ചവരെന്ന നിലയിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്നവരായ നാം ദിവ്യസ്വഭാവത്തിൽ പങ്കാളികളാകണം—2 പത്രൊ. 1:4:**

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

A. ദിവ്യസ്വഭാവം ദൈവം താൻ ആയിരിക്കുന്നതിനെ, അതായത്, ദൈവത്തിന്റെ ആളത്തത്തിന്റെ സമ്പത്തിനെയും മൂലകങ്ങളെയും ഘടകാംശങ്ങളെയും സൂചിപ്പിക്കുന്നു—യോഹ. 4:24; 1 യോഹ. 1:5; 4:8, 16.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

B. ദിവ്യജീവനും ദിവ്യസ്വഭാവവും വേർതിരിക്കാനാവാത്തതാണ്; ദിവ്യസ്വഭാവം ദിവ്യജീവന്റെ സാരാംശമാണ്, അത് ദിവ്യജീവന്റെ ഉള്ളിലാണ്—1:1-2; 5:11-13.

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

1 യോഹ. 5:13 ദൈവപുത്രന്റെ നാമത്തിലേക്കു വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ടെന്ന് അറിയേണ്ടതിന് ആകുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് എഴുതിയത്.

C. ദൈവമക്കളായ നാം, ദൈവത്തിൽനിന്ന് ജനിച്ചവരും, ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ളവരും, ദൈവത്തിന്റെ വർഗത്തിൽപ്പെട്ടവരുമായ ദൈവമനുഷ്യരാണ്—3:1; യോഹ. 1:12-13:

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ

നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

1. നമ്മുടെ വീണ്ടുംജനനത്തിൽ, നമ്മിലേക്ക് മറ്റൊരു സ്വഭാവം പകരപ്പെട്ടു; ഇത് ദൈവത്തിന്റെ സ്വഭാവമായ, ദിവ്യസ്വഭാവമാണ്—2 പത്രൊ. 1:4.

   2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2. ദിവ്യസ്വഭാവം ദിവ്യജീവനിൽ ഉള്ളതിനാൽ, നാം വീണ്ടുംജനിച്ച ദിവ്യജീവന് അതിനുള്ളിൽ ദിവ്യസ്വഭാവവുമുണ്ട്—യോഹ. 3:3, 5-6, 15.

   യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

   യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

   യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

   യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

3. ദൈവപുത്രനിൽ വിശ്വസിക്കുന്നവൻ ദൈവത്തിൽനിന്ന് ജനിച്ചവനും ദൈവ പൈതലാകാൻ അവകാശമുള്ളവനുമാണ്; അങ്ങനെ, ഒരു വിശ്വാസിക്ക് ദൈവത്തിന്റെ സ്വഭാവത്തിൽ പങ്കുചേരുവാൻ, അതിനെ ആസ്വദിക്കുവാൻ അവകാശമുണ്ട്—1:12-13.

   യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

   യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

D. ദിവ്യസ്വഭാവത്തിന്റെ പങ്കാളി ദിവ്യസ്വഭാവം ആസ്വദിക്കുന്നവനും ദിവ്യസ്വഭാവത്തിൽ പങ്കുചേരുന്നവനുമാണ്—2 പത്രൊ. 1:4:

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

1. ദിവ്യസ്വഭാവത്തിൽ പങ്കുകൊള്ളുക എന്നാൽ ദൈവം താൻ ആയിരിക്കുന്നത് ആസ്വദിക്കുക എന്നാണ്; ദിവ്യസ്വഭാവത്തിന്റെ പങ്കാളിയാകുക എന്നാൽ ദൈവത്തിന്റെ ആളത്തത്തിന്റെ സമ്പത്തിന്റെയും മൂലകങ്ങളുടെയും ഘടകാംശങ്ങളുടെയും പങ്കാളിയാകുക എന്നാണ്—1 പത്രൊ. 1:8.

1 പത്രൊ. 1:8 — അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

2. നാം ദിവ്യസ്വഭാവത്തിന്റെ പങ്കാളികളാകണമെങ്കിൽ, നാം ദിവ്യസ്വഭാവം ഉള്ള ദിവ്യജീവനാൽ ജീവിക്കേണ്ടതുണ്ട്—യോഹ. 1:4; 10:10; 11:25; 6:57.

യോഹ. 1:4 — അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 10:10 — മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 11:25 — യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 6:57b — ... എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും..

E. ദൈവത്തിന്റെ വിലയേറിയതും അതിമഹത്തരവുമായ വാഗ്ദാത്തങ്ങളിലൂടെ നാം ദിവ്യസ്വഭാവത്തിന്റെ സമ്പത്ത് ആസ്വദിക്കുന്നു—2 കൊരി. 12:9; മത്താ. 28:20; എഫെ. 3:20.

2 കൊരി. 12:9 — അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

മത്താ. 28:20b — ...ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

എഫെ. 3:20 — എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്,

F. ദിവ്യസ്വഭാവത്തിൽ പങ്കാളിയാകുന്നതിന് ഒരു വ്യവസ്ഥയുണ്ട്—ലോകത്തിൽ മോഹത്തിലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെടുക; നാം രക്ഷപ്പെടുകയും പങ്കാളികളാകുകയും പങ്കാളികളാകുകയും രക്ഷപ്പെടുകയും ചെയ്യുന്ന ചക്രത്തിൽ ജീവിക്കേണ്ടതുണ്ട്—2 പത്രൊ 1:4.

2 പത്രൊ. 1:4 — അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

G. നാം ദൈവത്തെ ആസ്വദിക്കുകയും അവന്റെ ആളത്തത്തിന്റെ സമ്പത്തിൽ പങ്കാളികളാകുകയും ചെയ്താൽ, ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ദൈവത്തെപ്പോലെ ആയിത്തീർന്നുകൊണ്ടും, നാം ആയിരിക്കുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളിലും അവനെ ആവിഷ്കരിച്ചുകൊണ്ടും ദിവ്യസ്വഭാവത്താൽ സംരചിക്കപ്പെടും—വാ. 3.

2 പത്രൊ. 1:3 — തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും

നമുക്കു നൽകിയിരിക്കുന്നുവല്ലോ,

H. ദൈവം താൻ ആയിരിക്കുന്നതെല്ലാം ആസ്വദിച്ചുകൊണ്ട് നാം ദിവ്യസ്വഭാവത്തിൽ പങ്കുകൊള്ളുമ്പോൾ, 5 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെ, ദിവ്യസ്വഭാവത്തിന്റെ സമ്പത്ത് പൂർണ്ണമായി വികസിക്കും.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

**II. നിത്യരാജ്യത്തിലേക്കുള്ള സമ്പന്നമായ പ്രവേശനം ലഭിക്കത്തക്കവണ്ണം, നമ്മിൽ വിതയ്ക്കപ്പെട്ട ദിവ്യവിത്തിൽ അടങ്ങിയിരിക്കുന്ന ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വികാസം നാം അനുഭവിക്കേണ്ടതുണ്ട്—വാ. 1, 4-11:**

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക്

സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

A. അത്ഭുതകരമായ തുല്യമായ വിലയേറിയ വിശ്വാസം നമുക്ക് പകുത്തുനൽകിയിരിക്കുന്നു, ഈ വിശ്വാസം സർവവും ഉൾക്കൊള്ളുന്ന ഒരു വിത്താണ്—വാ. 1:

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

1. എല്ലാ ദിവ്യ സമ്പത്തും ഈ വിത്തിൽ ഉണ്ട്, എന്നാൽ അവയെ വികസിപ്പിക്കുവാൻ നാം ശുഷ്കാന്തിയുള്ളവരായിരിക്കണം; പക്വതയിലേക്ക് വളരുക എന്നത് നമുക്ക് ലഭിച്ചുകഴിഞ്ഞതിനെ വികസിപ്പിക്കുക എന്നാണ്—വാ. 1-8; 3:18.

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

2. ഈ സദ്ഗുണങ്ങൾ വികസിപ്പിക്കുന്നതിലൂടെ, നാം ജീവനിൽ വളരുകയും, ഒടുവിൽ നാം പക്വതയിലെത്തി ക്രിസ്തുവിനാൽ നിറയുകയും,

വരാനിരിക്കുന്ന രാജ്യത്തിൽ രാജാക്കന്മാരാകാൻ യോഗ്യരാകുകയും സജ്ജരാകുകയും ചെയ്യും—എഫെ. 4:13-15; കൊലൊ. 2:19; 2 പത്രൊ. 1:11.

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

3. നമുക്ക് വിശ്വാസത്തിന്റെ വിത്തിൽനിന്ന്, നന്മയുടെയും പരിജ്ഞാനത്തിന്റെയും വേരുകൾ, ഇന്ദ്രിയജയത്തിന്റെ തായ്ത്തടി, സഹിഷ്ണുതയുടെയും ദൈവികതയുടെയും ശാഖകൾ എന്നിവയിലൂടെ, സഹോദരസ്നേഹത്തിന്റെയും സ്നേഹത്തിന്റെയും പുഷ്പവും ഫലവും വരെ നമുക്ക് പൂർണ വികാസവും പക്വതയും ഉണ്ടാകേണ്ടതുണ്ട്—വാ. 5-7.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

B. വിശ്വാസത്തിൽ നന്മ പകർന്നുനൽകുകയെന്നാൽ, തുല്യമായ വിലയേറിയ വിശ്വാസത്തിന്റെ പ്രയോഗത്തിൽ നന്മയെ—ഊർജസ്വലമായ പ്രവൃത്തിയിൽ പരിണമിക്കുന്ന ദിവ്യജീവന്റെ ഊർജത്തെ—വികസിപ്പിക്കുക എന്നാണ്; തുടർന്നുള്ള ഘട്ടങ്ങളിൽ ദിവ്യജീവന്റെ നന്മ വികസിക്കുവാനും പക്വത പ്രാപിക്കുവാനും ഈ വിശ്വാസം പ്രയോഗിക്കേണ്ടതുണ്ട്—വാ. 5.

2 പത്രൊ. 1:5a ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; ...

C. നന്മയ്ക്ക് ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനത്തിന്റെ ധാരാളമായ സഹായം ആവശ്യമാണ്; നമ്മുടെ നന്മയിൽ നാം വികസിപ്പിക്കേണ്ടതായ പരിജ്ഞാനത്തിൽ ദൈവത്തെയും നമ്മുടെ രക്ഷകനെയും കുറിച്ചുള്ള പരിജ്ഞാനവും, ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ചുള്ള പരിജ്ഞാനവും, വിശ്വാസം എന്താണെന്നുള്ളതിനെക്കുറിച്ചുള്ള പരിജ്ഞാനവും, ദിവ്യശക്തി, ദിവ്യതേജസ്സ്,

ദിവ്യനന്മ, ദിവ്യസ്വഭാവം, ദിവ്യജീവൻ എന്നിവയെക്കുറിച്ചുള്ള പരിജ്ഞാനവും ഉൾപ്പെടുന്നു—വാ. 5.

2 പത്രൊ. 1:5b ...നന്മയിൽ പരിജ്ഞാനവും;;

D. ഇന്ദ്രിയജയം എന്നത് ഒരുവന്റെ സ്വയത്തിന്മേൽ, അതിന്റെ അഭിനിവേശങ്ങളിലും ആഗ്രഹങ്ങളിലും ശീലങ്ങളിലും, നിയന്ത്രണവും സംയമനവും പ്രയോഗിക്കുന്നതാണ്; ശരിയായുള്ള ജീവന്റെ വളർച്ചയ്ക്കായി ഇങ്ങനെയുള്ള ഇന്ദ്രിയജയം പരിജ്ഞാനത്തിൽ പ്രയോഗിക്കപ്പെടണം—വാ. 6.

2 പത്രൊ. 1:6a പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും;...

E. സഹിഷ്ണുത പ്രയോഗിക്കുകയെന്നാൽ, മറ്റുള്ളവരെയും സാഹചര്യങ്ങളെയും സഹിക്കുക എന്നാണ്—വാ. 6.

2 പത്രൊ. 1:6b ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; ...

F. ദൈവത്തെപ്പോലെയുള്ളതും ദൈവത്തെ ആവിഷ്കരിക്കുന്നതുമായ ജീവിതമാണ് ദൈവികത—വാ. 6.

2 പത്രൊ. 1:6c ...സഹിഷ്ണുതയിൽ ദൈവികതയും;

G. സഹോദരസ്നേഹം (*ഫിലദെൽഫ്യ*) എന്നത് പ്രസാദവും സന്തോഷവും വിശേഷഗുണങ്ങളായിരിക്കുന്ന സ്നേഹമായ സഹോദരവാത്സല്യമാണ്; ദൈവത്തിന്റെ ആവിഷ്കാരമായ ദൈവികതയിൽ, ഈ സ്നേഹം സഹോദരവർഗത്തിനും, ലോകത്തോടുള്ള നമ്മുടെ സാക്ഷ്യത്തിനും, ഫലം കായ്ക്കുന്നതിനുമായി പകർന്നുനൽകപ്പെടണം—വാ. 7; 1 പത്രൊ. 2:17; 3:8; ഗലാ. 6:10; യോഹ. 13:34-35; 15:16-17.

2 പത്രൊ. 1:7a ദൈവികതയിൽ സഹോദരസ്നേഹവും;...

1 പത്രൊ. 2:17 എല്ലാവരെയും ബഹുമാനിക്കുവിൻ. സഹോദരവർഗത്തെ സ്നേഹിക്കുവിൻ. ദൈവത്തെ ഭയപ്പെടുവിൻ. രാജാവിനെ ബഹുമാനിക്കുവിൻ.

1 പത്രൊ. 3:8 ഒടുവിൽ എല്ലാവരും ഒരേ മനസ്സുള്ളവരും, സഹതാപമുള്ളവരും, സഹോദരസ്നേഹമുള്ളവരും, വാത്സല്യമുള്ളവരും, വിനയബുദ്ധിയുള്ളവരും ആയിരിക്കുവിൻ;

ഗലാ. 6:10 അതുകൊണ്ട് അവസരം ഉള്ളതുപോലെ നാം എല്ലാവർക്കും, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്ക് നന്മ ചെയ്യുക.

യോഹ. 13:34 നിങ്ങൾ അന്യോന്യം സ്നേഹിക്കേണം എന്ന് പുതിയൊരു കൽപന ഞാൻ നിങ്ങൾക്കു നൽകുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം.

യോഹ. 13:35 നിങ്ങൾക്ക് അന്യോന്യം സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്ന് ഇതിനാൽ എല്ലാവരും അറിയും.

യോഹ. 15:16 നിങ്ങൾ എന്നെ തിരഞ്ഞെടുത്തില്ല, എന്നാൽ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പുറപ്പെട്ടുപോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം, നിലനിൽക്കേണ്ടതിനും ഞാൻ നിങ്ങളെ ആക്കിവച്ചിരിക്കുന്നു, എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ നിങ്ങൾക്കു നൽകേണ്ടതിനു തന്നെ.

യോഹ. 15:17 നിങ്ങൾ അന്യോന്യം സ്നേഹിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് കൽപ്പിക്കുന്നു..

H. നമ്മുടെ ഉള്ളിലെ ദിവ്യസ്വഭാവത്തിന്റെ ആത്യന്തികമായ വികാസം സ്നേഹമാണ്—*അഗാപെ* ദിവ്യസ്നേഹത്തിന് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന യവനപദം—അത് ദൈവം തന്റെ സ്വഭാവത്തിലായിരിക്കുന്നതാണ്—2 പത്രൊ. 1:7; 1 യോഹ. 4:8, 16:

2 പത്രൊ. 1:7b ...സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.
1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.
1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു..

1. നമ്മുടെ സഹോദരസ്നേഹം കൂടുതൽ ശ്രേഷ്ഠവും ഉന്നതവുമായ സ്നേഹത്തിലേക്ക് വികാസംപ്രാപിക്കേണ്ടതുണ്ട്—2 പത്രൊ. 1:7.

   2 പത്രൊ. 1:7b ...സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ..

2. ദിവ്യസ്വഭാവത്തെ നാം ആസ്വദിക്കുന്നതിൽ, പകുത്തനൽകിയിരിക്കുന്ന വിശ്വാസം എന്ന ദിവ്യവിത്തിനെ ദിവ്യവും ശ്രേഷ്ഠവുമായ സ്നേഹത്തിൽ അതിന്റെ പരിണതിയിലേക്ക് വികാസംപ്രാപിക്കുവാൻ നാം അനുവദിക്കേണ്ടതുണ്ട്—വാ. 5-7.

   2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;
   2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;
   2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

3. നാം ദിവ്യസ്വഭാവത്തിൽ പൂർണമായി പങ്കുകൊള്ളുമ്പോൾ, നാം സ്നേഹമായ ദൈവത്താൽ നിറയുകയും, സ്നേഹത്തിന്റെ വ്യക്തികളായിത്തീരുകയും, സ്നേഹം തന്നെയാകുകയും ചെയ്യുന്നു—എഫെ. 3:19.

   എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

I. ദിവ്യജീവിന്റെ ആത്മിക നന്മകൾ വികസിപ്പിക്കുകയും അങ്ങനെ ദിവ്യജീവന്റെ വളർച്ചയിൽ പുരോഗമിക്കുകയും ചെയ്യുന്നത് നമ്മോടുള്ള ദൈവത്തിന്റെ വിളിയെയും തിരഞ്ഞെടുപ്പിനെയും ഉറപ്പിക്കുന്നു—2 പത്രൊ. 1:10.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

J. നിത്യരാജ്യത്തിലേക്കുള്ള സമ്പന്നമായ പ്രവേശനത്തിന് ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വളർച്ചയെയും വികാസത്തെയും പിൻപറ്റുവാൻ നാം ശുഷ്കാന്തിയുള്ളവരായിരിക്കണം—വാ. 10-11:

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.
2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു

ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

1. ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും വികാസത്തിൽ നാം ആസ്വദിക്കുന്ന ധാരാളമായ സഹായം (വാ. 3-7) നമുക്ക് നമ്മുടെ കർത്താവിന്റെ നിത്യരാജ്യത്തിലേക്ക് സമ്പന്നമായ പ്രവേശനം ധാരാളമായി പകർന്നുനൽകും.

   2 പത്രൊ. 1:3 — തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

   2 പത്രൊ. 1:4 — അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

   2 പത്രൊ. 1:5 — ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

   2 പത്രൊ. 1:6 — പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

   2 പത്രൊ. 1:7 — ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2. ദൈവത്തിന്റെ ഉജ്ജ്വലമായ തേജസ്സിങ്കലേക്ക്, നമ്മുടെ ഉൽകൃഷ്ട നന്മകളായ (ഊർജം), ദിവ്യജീവന്റെയും ദിവ്യസ്വഭാവത്തിന്റെയും സകല സമ്പത്താലും, വരുവാനുള്ള രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ ഈ സഹായം നമ്മെ പ്രാപ്തരാക്കുകയും യോഗ്യരാക്കുകയും ചെയ്യും—വാ. 3; 1 പത്രൊ. 5:10.

   2 പത്രൊ. 1:3 — തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

   1 പത്രൊ. 5:10 — എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

3. പ്രത്യക്ഷത്തിൽ, നാമാണ് നിത്യരാജ്യത്തിലേക്ക് പ്രവേശിക്കുന്നുത്; യഥാർഥത്തിൽ, നമ്മുടെ ജീവന്റെ വളർച്ചയിലൂടെയും നമ്മുടെ ഉള്ളിലെ ദിവ്യജീവന്റെ വികാസത്തിലൂടെയും നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നമുക്ക് ധാരാളമായി പകർന്നുനൽകപ്പെടുന്നു.